# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6331 — 03.04.2018-ൽ മറുപടിയ്ക്ക്

## ആദിവാസി ദളിത് വിഭാഗങ്ങൾക്ക് വകയിരുത്തുന്ന ഫണ്ടിന്റെ ദുർവിനിയോഗം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികൾക്കും ദളിത് വിഭാഗങ്ങൾക്കും ജനസംഖ്യാനുപാതികമായി പദ്ധതി ഫണ്ട് മാറ്റിവയ്ക്കുന്ന ഏക സംസ്ഥാനം കേരളമാണെന്നിരിക്കെ ഈ വിഭാഗങ്ങളുടെ ദാരിദ്ര്യവും, പട്ടിണിയും മാറ്റുന്നതിനും, വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും ഇനിയും സാധിക്കാത്തത് എന്തുകൊണ്ടാണ്; വിശദീകരിക്കുമോ; | (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ദളിത് വിഭാഗങ്ങൾക്കുമിടയിലുള്ള ദാരിദ്ര്യം, വിദ്യാഭ്യാസ പരമായ പിന്നോക്കാവസ്ഥ എന്നിവ ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. വികസന സൂചകങ്ങൾ അതാണ് വ്യക്തമാക്കുന്നത്. ഈ ഗുണപരമായ മാറ്റത്തിന് വേഗതകൂട്ടുവാനാണ് ഗോത്രബന്ധു, ഗോത്രസാരഥി, ഗോത്രജീവിക, റേഷൻ സാധനങ്ങളുടെ വാതിൽ പുറവിതരണം എന്നീ പരിപാടികൾ നടപ്പാക്കുന്നത്. |
| (ബി) | ദുർബല വിഭാഗങ്ങൾക്കായി വകയിരുത്തുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് പരിശോധിക്കുവാൻ നിലവിലുള്ള സംവിധാനമെന്താണ്; | (ബി) | വകുപ്പ് തലത്തിൽ ഓഡിറ്റ് സംവിധാനം ഉണ്ട്. കൂടാതെ എ.ജി.യുടെ പരിശോധനാ സംവിധാനവും നിലവിലുണ്ട്. ബ്ലോക്ക് തലത്തിലാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. ആയത് ജില്ലാ തലത്തിൽ ജില്ലാ പട്ടികജാതി വികസന ആഫീസർമാർ മോണിറ്ററിംഗ് ചെയ്യുന്നു.<br>പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ ഊരുകൂട്ടങ്ങളിൽ ചർച്ചചെയ്യുകയും ഗുണഭോക്തൃ പട്ടിക ആവശ്യമായ പദ്ധതികൾക്ക് ഊരുകൂട്ടത്തിൽ ത്തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഊരുകൂട്ടത്തിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ വച്ച് അംഗീകരിച്ചാണ് നടപ്പിലാക്കുന്നത്.<br>കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സാമ്പത്തിക സാമൂഹിക, ആരോഗ്യ, പശ്ചാത്തല മേഖല വികസനത്തിനായി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിൽ പദ്ധതികൾ രൂപീകരിക്കുകയും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി പദ്ധതികൾ നടപ്പിലാക്കുന്നു.<br>പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ഡയറക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും, ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി അവലോകന |

| | | | |
|---|---|---|---|
| | | | യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ടറേറ്റിൽ നിയന്ത്രണോദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുണ്ട്.<br>പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിനും കാലതാമസം കൂടാതെ പദ്ധതി അവലോകനം നടത്തുന്നതിനും ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിൽ ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റ്റി.എസ്.പി.ഫണ്ട് ലാപ്സാകാതിരിക്കാൻ വേണ്ടി ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിൻറ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്. |
| (സി) | ആദിവാസി മേഖലയിൽ വൻതോതിൽ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ ദുർവിനിയോഗം കണ്ടുപിടിക്കുന്നതിനും, അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (സി) | ആദിവാസി മേഖലയിൽ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നുവെന്ന് കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ